പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 231 | 18.03.2013 ൽ മറുപടിക്ക്

## പോലീസ് സ്റ്റേഷനുകളിലെ സത്രീ പീഡനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | പരാതികളുമായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവർ പീഡിപ്പിക്കപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് മലക്കപ്പാറ പോലീസ് സ്റ്റേഷൻ ക്രൈം നം. 6/2011 u/s. 324 IPC and Section 3 (1) of SCST POA Act പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | നിർഭയമായി പരാതികൾ പറയാനും ആർക്കും പോലീസ് സ്റ്റേഷനുകളിൽ എത്താനും കഴിയും എന്ന സ്ഥിതി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പരാതിക്കാരുടെ മൊബൈൽഫോൺ പിടിച്ചെടുക്കലും പോക്കറ്റിലെ പണം തട്ടിയെടുക്കലും സ്ത്രീകളെ ഫോണിൽ വിളിച്ച് അസഭ്യം പറയലും ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ പോലീസുകാരിൽ നിന്നു തന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കുമോ; | (സി) യും (ഡി) യും | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | പോലീസുകാർക്കെതിരെ ഉണ്ടാകുന്ന ഇത്തരത്തിലുള്ള പരാതികൾ പരിശോധിക്കാനും മേൽ നടപടി സ്വീകരിക്കാനും തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ